# കൊല്ലം-കൈപ്പുഴ നീര പ്ലാൻറ് ഉദ്ഘാടനം 26 ന്

**കൊച്ചി:** നാളികേര വികസന ബോർഡിൻെറ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൈപ്പുഴ കോക്കനട്ട് കമ്പനിയുടെ (കെ.സി.പി.സി. എൽ.) നീര പ്ലാൻറിൻെറ പ്രവർത്തനോദ്ഘാടനം വ്യാഴാഴ്ച ഉച്ചയ്ക്ക് 2 ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. നാളികേരത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന 67 മൂല്യവർദ്ധിത ഉത്പന്നങ്ങളടങ്ങിയ കൈപ്പുഴ കോക്കനട്ട് പാർക്കിൻെറ ഉദ്ഘാടനം മന്ത്രി ഷിബു ബേബി ജോണും വിപണനോദ്ഘാടനം ഹോർട്ടി കോർപ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടിയും നിർവഹിക്കും.

പ്രതിദിനം 5000 ലിറ്റർ നീര ഉല്പാദിപ്പിക്കാനും മൂല്യ വർദ്ധിത ഉത്പന്നങ്ങളായ നീര ഹണി, ഷുഗർ, ജാം, സ്ക്വാഷ് എന്നിവ നിർമിക്കുന്നതിനും ശേഷിയുള്ളതാണ് പ്ലാൻറ്. ഏഴര കോടി രൂപ ചെലവിലാണ് പദ്ധതി യാഥാർത്ഥ്യമാക്കിയിരിക്കുന്നത്.